Ddg SM
ST, YAF Hussain

IT

**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1952 17/06/2013-ൽ മറുപടിക്ക്

# ആദിവാസി വനിതകൾക്ക് ആട്ടോറിക്ഷ നൽകുന്ന പദ്ധതി

ചോദ്യം മറുപടി

ശ്രീ.വി.ശശി : കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ആദിവാസി വനിതകൾക്ക് ആട്ടോറിക്ഷ വാങ്ങി നൽകാൻ കഴിഞ്ഞ സാമ്പത്തിക വർഷം എന്തു തുക വകകൊള്ളി ച്ചിരുന്നുവെന്നും ഈ പരിപാടിയിലൂടെ എത്രപേർക്ക് ആനുകൂല്യം ലഭിക്കുവാനാണ് വിഭാവനം ചെയ്തിരുന്നതെന്നും വ്യക്തമാക്കുമോ; | (എ) & ബി | ആട്ടോറിക്ഷ വിതരണ പദ്ധതി നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം (2013-14) 328 ലക്ഷം രൂപ ബഡ്ജറ്റ് പ്രൊവിഷനായി അനുവദി ച്ചിരുന്നു. ആയതിൽ നിന്നും ടി പദ്ധതിയുടെ ഗുണഭോക്താക്കളായി 500 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ നിന്നും ഡ്രൈവിംഗ് പരിശീലനം നേടാത്തവർക്ക് പരിശീലനം കൊടുക്കു ന്നതിനായി 25 ലക്ഷം രൂപ അനുവദിച്ചി ട്ടുണ്ട്. ഇതു കൂടാതെ അഡീഷണൽ ഓതറൈസേഷൻ മുഖേന 3,54,25,000/- രൂപ കൂടി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓട്ടോറിക്ഷ വിതരണം സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ 24205/13 നമ്പരിൽ ഒരു കേസ് നിലവിലുള്ളതും ആയതിൻമേൽ ബഹു.കോടതി സ്റ്റേ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഇതിൽ എന്ത് തുക ചെലവഴിച്ചുവെന്നും എത്രപേർക്ക് ഇതിന്റെ ഗുണം ലഭിച്ചുവെന്നും വ്യക്തമാക്കാമോ? | | |

Harispriya
സെക്ഷൻ ഓഫീസർ